# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**28.01.2019 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. **10**

## ആലപ്പാട് പഞ്ചായത്തിലെ കരിമണൽ ഖനനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. ഹൈബി ഈഡൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മത്സ്യ സമ്പന്നവും കാർഷിക സമൃദ്ധവുമായിരുന്ന കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് പഞ്ചായത്ത് അശാസ്ത്രീയമായ കരിമണൽ ഖനനം മൂലം നാശത്തിന്റെ വക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഐ.ആർ.ഇ. നടത്തിവരുന്ന കരിമണൽ ഖനനം ഈ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;<br><br>(സി) ഖനനത്തിന് മുമ്പ് 89.5 ചതുരശ്ര കിലോമീറ്ററുണ്ടായിരുന്ന ആലപ്പാട് വില്ലേജിന്റെ ഭൂവിസ്തൃതി 7.6 ചതുരശ്ര കിലോമീറ്ററായി ചുരുങ്ങിയ വസ്തുത സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | ബിയും സിയും | ഉണ്ട്. ഇതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ സർക്കാർ ഉന്നതതല യോഗം ചേരുകയും ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) കരിമണൽ ഖനനം തീരത്തേയും തീരക്കടലിലെയും ജൈവ വ്യവസ്ഥയെ ബാധിച്ചതായും മത്സ്യത്തൊഴിലാളി സമൂഹത്തിന് വൻ ആഘാതമുണ്ടാക്കുന്നവെന്നും സർക്കാർ നിയോഗിച്ച റ്റി.എം. മഹാദേവൻ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ടോ; | (ഡി) | കരിമണൽ ഖനനം തീരത്തേയും തീരക്കടലിലെയും ജൈവ വ്യവസ്ഥയെ ബാധിച്ചതായും മത്സ്യത്തൊഴിലാളി സമൂഹത്തിന് വൻ ആഘാതമുണ്ടാക്കുന്നവെന്നും സർക്കാർ നിയോഗിച്ച റ്റി.എം.മഹാദേവൻ കമ്മിറ്റി കണ്ടെത്തിയിട്ടില്ല. ബീച്ചിൽ നിന്നുള്ള മണലെടുപ്പ് ചാകരയെ ബാധിക്കുമെന്നുള്ളതിന് ശാസ്ത്രീയമായ അടിസ്ഥാനമില്ലെന്നാണ് റ്റി.എം. മഹാദേവൻ കമ്മിറ്റി കണ്ടെത്തിയിട്ടുള്ളത്. എന്നാൽ, നിലവിലുള്ള മത്സ്യബന്ധനത്തിന് തടസ്സമുണ്ടാകാതിരിക്കുന്നതിനുവേണ്ടി ഹെവി മിനറൽ ഖനനം ജാഗ്രതയോടെ ചെയ്യേണ്ടതാണെന്ന് ടി കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ആലപ്പാട്ടെ കരിമണൽ ഖനനം സംബന്ധിച്ച് കേരള നിയമസഭ പരിസ്ഥിതി സമിതി (2016-19)യുടെ എട്ടാമത് റിപ്പോർട്ടിലെ ഏതൊക്കെ ശിപാർശകൾ ഇതിനകം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (ഇ) | സമിതിയുടെ എട്ടാമത് റിപ്പോർട്ടിൽ പതിനൊന്നു ശിപാർശകളാണ് ഉണ്ടായിരുന്നത്. ഒന്നാമത്തെ ശിപാർശ നടപ്പാക്കുന്നതിന്റെ ഭാഗമായി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വ്യവസ്ഥകൾ പാലിച്ച് ശാസ്ത്രീയമായി മാത്രം ഖനനം നടത്തുക, സീ വാഷിംഗിനു ആറ് മാസത്തിൽ കുറയാതെയുള്ള ഇടവേള നൽകുക, പ്രദേശത്തിന്റെ പുനരുദ്ധാരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക തുടങ്ങിയ നിർദേശങ്ങളടങ്ങിയ 2,3,4,10,11 എന്നീ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി 16.01.2019-ന മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തു ശാസ്ത്രീയമായി ഖനനം നടത്തുന്നത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഐ.ആർ.ഇ.എൽ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. പുലിമുട്ട് നിർമ്മിക്കുക, മാനദണ്ഡങ്ങൾ പാലിച്ച് ജനങ്ങളുടെ എതിർപ്പ് ക്ഷണിച്ചു വരുത്താതെ ഖനന പ്രവർത്തനം നടത്തുക, ഖനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകുക, ഏറ്റെടുത്തിരിക്കുന്ന സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം നൽകുക, മണ്ണൊലിപ്പ് തടയുന്നതിനായി ജലവിഭവ വകുപ്പുമായി ചേർന്ന് നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി പൂർത്തിയാക്കുക, കൃഷി നാശം സംഭവിച്ചവർക്ക് നഷ്ട പരിഹാരം നൽകുക തുടങ്ങിയ നിർദേശങ്ങളടങ്ങിയ 2,5,6,7,8 എന്നീ ശിപാർശകൾ നടപ്പാക്കുവാൻ സർക്കാർ കമ്പനിക്ക് നിർദേശം നൽകിയിട്ടുണ്ട്. 16.01.2019-ന മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഖനന പ്രവർത്തികൾ നടക്കുന്ന പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് മുഖേനെ നടത്തുന്ന ഒരു പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഖനന പ്രദേശത്തെ ബാക്കി പുലിമുട്ടുകളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാനാക |

| | | |
|---|---|---|
| | | മെന്നുമാണ് ഐ.ആർ.ഇ. അധികൃതർ അറിയിച്ചിരിക്കുന്നത്. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്ത വർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം എന്നും പ്രസ്തുത യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിലും നടപടികൾ സ്വീകരിച്ചുവരുന്നതായാണ് ഐ.ആർ.ഇ. കമ്പനി അധികൃതർ അറിയിച്ചിട്ടുള്ളത്. കൂടാതെ നാശം സംഭവിച്ചിട്ടുള്ള കണ്ടൽക്കാടുകൾ വച്ചുപിടിപ്പി ക്കുന്നതിലും, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന തിനും വേണ്ട നടപടികൾ കൈകൊള്ളാമെന്നും (ശിപാർശ 7) ഐ.ആർ.ഇ. അധികൃതർ അറിയിച്ചിട്ടുണ്ട്. കമ്പനിയുടെ ലാഭത്തിന്റെ ഒരു വിഹിതം ഖനന മേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കണമെന്ന ഒൻപതാം ശിപാർശയിലെ നിർദേശം നടപ്പാക്കിയിട്ടുണ്ട്. ജില്ലാ മിനറൽ ഫൗണ്ടേഷ നിലേക്കു റോയൽറ്റിയുടെ 30% പ്രതിവർഷം മെ. ഐ.ആർ.ഇ. നൽകാറുണ്ട്. കൂടാതെ, ജില്ലാ കളക്ടർ ചെയർമാനായ മൈനിങ് ഏരിയ വെൽഫെയർ ബോർഡിന് മെ.ഐ.ആർ.ഇ.എല്ലും മെ. കെ.എം.എം.എല്ലും വിഹിതം നൽകുന്നുമുണ്ട്. |
| (എഫ്) | ആലപ്പാട്ടെ ജനങ്ങൾ നടത്തുന്ന അതിജീവന സമരം ഒത്തുതീർപ്പാക്കു ന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (എഫ്) ആലപ്പാട്ടെ കരിമണൽ ഖനനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കെതിരെ രൂപീകരിച്ചിട്ടുള്ള സമരസമിതി യുമായി 17.01.2019-ൽ വ്യവസായ വകുപ്പ് മന്ത്രി ചർച്ച നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ